# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1950 — 19.06.2012-ൽ മറുപടിക്ക്.

### ട്രെയിനുകളിൽ കേരളാ പോലീസിന്റെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. എം. വി.ശ്രേയാംസ് കുമാർ:<br>ഡോ. എൻ. ജയരാജ്:<br>ശ്രീ. പി.സി. ജോർജ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | ട്രെയിനിൽ പ്രത്യേകിച്ച് വനിതാ കംപാർട്ട്മെന്റുകളിൽ പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. തീവണ്ടികളിലെ സ്ത്രീയാത്രക്കാരുടെ സുരക്ഷയ്ക്കായി വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയക്കുന്നുണ്ട്. വനിതാ കമ്പാർട്ട്മെന്റുകളും സമീപമുള്ള കമ്പാർട്ട്മെന്റുകളും കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. കൂടാതെ മറ്റ് കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തുന്നുണ്ട്. ഇതിനു പുറമേ റെയിൽവെ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എന്നുമുതലാണ് ട്രെയിനുകളിൽ കേരള പോലീസിന്റെ സേവനം നല്കിത്തുടങ്ങിയതെന്ന് അറിയിക്കുമോ; | (ബി) | ട്രെയിനുകളിൽ 1961 മുതൽ കേരള പോലീസിന്റെ സേവനം തുടങ്ങി. |
| (സി) | ട്രെയിൻ യാത്രികരുടെ സുരക്ഷയ്ക്ക് സംസ്ഥാന സർക്കാർ എത്ര പോലീസുകാരെയാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇവരുടെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | ട്രെയിൻ യാത്രികരുടെ സുരക്ഷക്കുവേണ്ടി കേരള റെയിൽവേ പോലീസിലെ 451 പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ഇതു കൂടാതെ ലോക്കൽ പോലീസിൽ നിന്നും 38 വനിതാ പോലീസുകാരെ വർക്കിംഗ് അറേൻജ്മെന്റ് അടിസ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാർക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വന്നത് കണക്കിലെടുത്ത് മറ്റ് യൂണിറ്റുകളിൽ നിന്നും 60 |

| | | | |
|---|---|---|---|
| | | | ലോക്കൽ പോലീസുകാരുടെ സേവനം കൂടി ഇപ്പോൾ ചാക്രികാടിസ്ഥാനത്തിൽ ട്രെയിനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള റെയിൽവേ പോലീസിന്റെ ചെലവുകളിൽ പകുതി സംസ്ഥാന സർക്കാരും പകുതി ദക്ഷിണ റെയിൽവേയുമാണ് വഹിക്കുന്നത്. |
| (ഡി) | ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപ ചെലവഴിക്കേണ്ടിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 2011-12 വർഷത്തിൽ 20,22,60,272/- (ഇരുപത് കോടി ഇരുപത്തി രണ്ട് ലക്ഷത്തി അറുപതിനായിരത്തി ഇരുനൂറ്റി എഴുപത്തി രണ്ട് രൂപ) രൂപ ചെലവായിട്ടുള്ളതും അതിൽ പകുതി തുക ദക്ഷിണ റെയിൽവേ പോലീസ് വകുപ്പിന് അക്കൗണ്ടന്റെ ജനറലിന്റെ ആഡിററ് സർട്ടിഫിക്കറ്റിന് വിധേയമായി തിരികെ നൽകേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ